## നടപടി ക്രമങ്ങൾ
## അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ്
## (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം
## (ഹാജർ: മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ)

എൻ.സി.സി ജീവനക്കാര്യം - ഫുൾ ടൈം സ്വീപ്പർ നിയമനം/സ്ഥലംമാറ്റം അന്തിമ ഉത്തരവ് - പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

---

നമ്പർ.1164/എ2/II-എസ്റ്റാ/2021/എൻ.സി.സി തിരുവനന്തപുരം : 06 ആഗസ്റ്റ് 2021.

സൂചന: (1) എൻ.സി.സി ഡയറക്ടറേറ്റിന്റെ 26/02/2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

(2) കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 28/02/2021 തീയതിയിലെ 154/എസ്റ്റാ-III നമ്പർ കത്ത്.

(3) കൊല്ലം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 06/03/2021 തീയതിയിലെ 401/എസ്റ്റാ നമ്പർ കത്ത്.

(4) കോഴിക്കോട് എൻ.സിസി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 08/03/2021,15 /03/2021, എന്നീ തീയതികളിലെ 154/എസ്റ്റാ -III നമ്പർ കത്ത്.

(5) തിരുവനന്തപുരം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ 27/03/2021 തീയതിയിലെ E3/2656/Gp HQ/എൻ.സി.സി നമ്പർ കത്ത്.

(6) സർക്കാർ ഉത്തരവ് (പി) നമ്പർ.3/2020/ഉ.ഭ.പ.വ തീയതി 21/01/2020.

(7) ഈ കാര്യാലയത്തിന്റെ ഇതേ നമ്പർ ഉത്തരവ് തീയതി 26.07.2021.

## ഉത്തരവ്

1. ശ്രീ ശ്യാം മോഹൻ വി, FTS,എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം, ശ്രീ സജീവ്.ജി, FTS, 1(K) Air Sqn NCC, തിരുവനന്തപുരം, ശ്രീ വിജയകുമാരൻ വി, FTS,എൻ.സി.സി ഡയറക്ടറേറ്റ്, തിരുവനന്തപുരം, ശ്രീ രാജേന്ദ്രൻ എസ്, FTS, 2-ാം കേരള ബറ്റാലിയൻ എൻ.സി.സി തിരുവനന്തപുരം എന്നിവർ യഥാക്രമം 30/04/2021, 31/05/2021, 31/05/2021,30/06/2021എന്നീ തീയതികളിൽ വിരമിച്ച ഒഴിവുകളിലേക്ക് സ്ഥലംമാറ്റം വഴി നിയമനം നടത്തുന്നതിനും, സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന FTS തസ്തികകളിൽ സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനും സൂചന 1 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. സൂചന 2 പ്രകാരം ശ്രീ രാജമോഹൻ ആർ, FTS, എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട്, സ്ഥലം മാറ്റത്തിനായും സൂചന 3,4,5 എന്നിവ പ്രകാരം ശ്രീ അനിൽകുമാർ ഡി, PTS, 7 -ാം കേരള ബറ്റാലിയൻ എൻ.സി.സി, കൊല്ലം, ശ്രീ സുനിൽകുമാർ കെ, PTS, 9-ാം കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി കോഴിക്കോട്, ശ്രീ അബ്ദുൾ മുനീർ പി, PTS, 9-ാം കേരള നേവൽ യൂണിറ്റ് എൻ.സി.സി കോഴിക്കോട്, ശ്രീ സന്തോഷ് കുമാർ എം, PTS, 1-ാം കേരള ബറ്റാലിയൻ എൻ.സി.സി വർക്കല, എന്നിവർ സ്ഥാനക്കയറ്റത്തിനായും അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം സ്വീപ്പർ നിയമനം/സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് താല്ക്കാലികമായി ഉത്തരവ് സൂചന 7 പ്രകാരം പുറപ്പെടുവിക്കുകയും ഉത്തരവിൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 2021 ആഗസ്റ്റ് 4 തീയതിയ്ക്കകം ഈ ഓഫീസിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

4. ഈ ഓഫീസിൽ ഏതൊരു ആക്ഷേപങ്ങളും ടി ഉത്തരവിൻമേൽ ഇതിനോടകം ലഭിക്കാത്ത സാഹചര്യത്തിൽ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോടിലെ FTS ആയ ശ്രീരാജമോഹൻ ആർ ( PEN 771037)-നെ 2-ാം കേരള ബറ്റാലിയൻ എൻ.സി.സി തിരുമലയിൽ നിലവിലുള്ള FTS ന്റെ ഒഴിവിലേക്ക് സ്ഥലം മാറ്റം നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പംശ്രീ രാജമോഹൻ ആർ, FTS-ന്റെ സ്ഥലംമാറ്റം കാരണം കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ വരുന്ന FTS ന്റെ ഒഴിവിലേക്കും, നിലവിലുള്ള മറ്റ് ഓഫീസുകളിലെ ഒഴിവുകളിലേക്കും ചുവടെ സൂചിപ്പിക്കും പ്രകാരം ജീവനക്കാരെ സ്ഥാനക്കയറ്റം നല്കി (23000-50200/- രൂപ ശമ്പള നിരക്കിൽ) ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്,ഉദ്യോഗപ്പേര് നിലവിലെ ഔദ്യോഗിക വിലാസം | ജനന തീയതി | എൻ.സി.സി വകുപ്പിൽ പ്രവേശിച്ച തീയതി | FTS ആയി നിയമിക്കപ്പെടുന്ന കാര്യാലയം |
|---|---|---|---|---|
| 1 | PEN-815922<br>അനിൽകുമാർ ഡി, PTS,<br>7 കേരള ബറ്റാലിയൻ<br>എൻ.സി.സി കൊല്ലം | 30/05/1972 | 03/01/2018 | എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം |
| 2 | PEN-825960<br>അബ്ദുൾ മുനീർ പി,<br>PTS, 9 കേരള നേവൽ യൂണിറ്റ് എൻ.സി.സി, കോഴിക്കോട് | 20/05/1981 | 23/01/2018 | എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് |
| 3 | PEN-754323<br>സന്തോഷ് കുമാർ എം<br>PTS, 1 കേരള ബറ്റാലിയൻ എൻ.സി.സി വർക്കല | 30/05/1975 | 10/08/2017 | 1 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി തിരുവനന്തപുരം |
| 4 | PEN-868274<br>സുനിൽകുമാർ കെ<br>PTS, 9 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി കോഴിക്കോട് | 15/05/1970 | 02/09/2019 | എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) തിരുവനന്തപുരം |

5. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് നല്കേണ്ടതാണ്. കൂടാതെ സൂചന (6) ഉത്തരവിലെ ഖണ്ഡിക 3(iii) പ്രകാരം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഓപ്ഷൻ ലഭ്യമാക്കേണ്ടതും ടി വിവരങ്ങൾ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ടി ജീവനക്കാരുടെ വിടുതൽ /ജോലിയിൽ പ്രവേശിക്കുന്ന തീയതി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിലാസം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

ഒപ്പ്/-
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ് :-

എല്ലാ യൂണിറ്റുകൾക്കും, ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിനും

IT section (for website)

അംഗീകാരത്തോടെ

SA

ASHOK KUMAR
PEN : 385270
Administrative Assistant
NCC Directorate (K&L)
Thiruvananthapuram - 10